Circular No.123
A.S.S.M. Fund

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 5-11-2012

പ്രിയ ബ. അച്ചാ,

2011 ആഗസ്റ്റ് മാസത്തിൽ നടന്ന സീറോ മലബാർ സിനഡ് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സീറോ മലബാർ മിഷൻ രൂപതകളെ സഹായിക്കുന്നതിനായി ഒരു മിഷൻ ഫണ്ട് രൂപീകരിക്കുവാൻ തീരുമാനിച്ച വിവരം നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. അതിന്റെ അടിസ്ഥാനത്തിൽ മിഷൻ ഫണ്ട് ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഇതിലേക്ക് സഭയുടെ എല്ലാ വിഭാഗത്തിലുമുള്ള ആളുകളുടെ സഹകരണം ഉണ്ടാകേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് നൽകിയ സന്ദേശം നിങ്ങളെ ഞാൻ അറിയിച്ചിരുന്നല്ലോ.

സീറോ മലബാർ സഭയുടെ ഇപ്പോഴത്തെ അജപാലന പരിധിക്കു പുറത്ത് ഭാരതത്തിൽ ഇപ്പോൾ ഛാന്ദാ, ആദിലബാദ്, സാറ്റ്നാ, സാഗർ, ജഗദൽപൂർ, ബിജ്നോർ, രാജ്ക്കോട്ട്, ഗോരഖ്പൂർ, ഉജ്ജൈൻ, കല്യാൺ, ഫരീദാബാദ് എന്നീ 11 മിഷൻരൂപതകളും, സീറോ മലബാർ സഭയുടെ അജപാലനപരിധിക്കുള്ളിൽ ബൽത്തങ്ങാടി, രാമനാഥപുരം, മാണ്ഡ്യ, ഭദ്രാവതി, തക്കല എന്നീ 5 മിഷൻ രൂപതകളും ഉൾപ്പെടെ 16 മിഷൻ രൂപതകളാണ് സീറോ മലബാർ സഭക്കുള്ളത്. നമ്മുടെ സഭയുടെ മക്കളായ ഈ രൂപതകളെ എല്ലാ വിധത്തിലും സഹായിക്കുക എന്നത് മാതൃസഭാംഗങ്ങളായ നമ്മുടെ ചുമതലയാണ്.

സിനഡിന്റെ തീരുമാനം നടപ്പിലാക്കുന്നതിനായി കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ ഒരു ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ മിഷൻ ഫണ്ടിന്റെ ഡയറക്ടറായി സീറോ മലബാർ സഭ നിശ്ചയിച്ചിരിക്കുന്നത് മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനെയാണ്. ഫാ. ജയ്സൺ പുത്തൂർ C.M.I. ആണ് ഇതിന്റെ സെക്രട്ടറി. ഈ ഫണ്ടിന്റെ പ്രവർത്തനങ്ങളെപ്പറ്റി ആവശ്യമായ അറിവു നൽകുന്നതിനായി ഈ ഓഫീസിൽ നിന്നും സെന്റ് തോമസ് മിഷൻ എന്ന പേരിൽ ഒരു വാർത്താപത്രിക വർഷത്തിൽ 3 പ്രാവശ്യമായി - ഈസ്റ്റർ, ദുക്റാന, ക്രിസ്മസ് അവസരങ്ങളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. അഭിവന്ദ്യ ഗ്രിഗറി പിതാവും ജയ്സൺ അച്ചനും കൂടി നമ്മുടെ അതിരൂപതയിലെ മിക്കവാറും എല്ലാ പള്ളികളും സന്ദർശിക്കുകയും ഈ ഫണ്ടുപിരിവു സംബന്ധമായ രേഖകൾ പള്ളികളിൽ ഏല്പിക്കുകയും ചെയ്തിട്ടുണ്ടല്ലോ.

വരുന്ന ക്രിസ്മസ് അവസരത്തിൽ ഈ വർഷത്തെ പിരിവു നടത്താൻ ആണ് അവർ ആഗ്രഹിക്കുന്നത്. 2012 ലെ ക്രിസ്മസ് സമയത്തെ വാർത്താപത്രികയിൽ ഇതു സംബന്ധമായ വിശദവിവരങ്ങൾ നൽകുന്നതാണ്. ഡിസംബർ ആദ്യം ഇടവകകളിൽ എത്തുന്ന വാർത്താപത്രിക എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുവാൻ ബ. വികാരിമാർ ശ്രദ്ധിക്കണം. നമ്മുടെ ഓരോ കുടുംബവും കുറഞ്ഞത് 200 രൂപയും ഓരോ സ്ഥാപനവും കുറഞ്ഞത് 500 രൂപയും ഈ ഫണ്ടിലേക്കു നല്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇടവകയിലെ പിരിവ് ബ. വികാരിയുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ആകെ ലഭിക്കുന്ന തുകയുടെ 5 ശതമാനം പള്ളിയുടെ ചെലവുകൾക്കായി എടുക്കാവുന്നതും ബാക്കി തുക കാക്കനാട്ടുള്ള ഓഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുക മുകളിൽ പറഞ്ഞ 16 രൂപതകളിൽ നിന്നുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ അവർക്കു നൽകുന്നതും ലഭിച്ച തുകയുടെ വിവരങ്ങളും അതു വിതരണം ചെയ്ത രീതികളും വിശദമായി അടുത്ത വാർത്താപത്രികയിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

നമ്മുടെ എല്ലാ വികാരിമാരും സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നവരും സീറോ മലബാർ സഭയുടെ ഈ മഹത്തായ ഉദ്യമത്തിൽ താല്പര്യപൂർവ്വം പങ്കുചേരുകയും നമ്മുടെ 16 മിഷൻ രൂപതകളെ സഹായിക്കാനുള്ള മാതൃസഭയുടെ ഈ പ്രവർത്തനത്തിൽ സഹകരിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം സമൃദ്ധമായുണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

✠മാർ മാത്യു മൂലക്കാട്ട്
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

N.B.: ഈ സർക്കുലർ 2012 നവംബർ 25-ാം തീയതി ഞായറാഴ്ച നമ്മുടെ ദൈവാലയങ്ങളിലും വി.കുർബ്ബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും കുർബ്ബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.